**ഭരണഭാഷ – മാതൃഭാഷ**

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtetekerala@gmail.com

Ph:0471 2561307

**നടപടിക്രമം**

സാങ്കേതികം- വിദ്യാഭ്യാസം- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ഗവൺമെൻറ് എൻജിനിയറിങ് കോളേജുകളിൽ 2024-25 അദ്ധ്യയന വർഷത്തിൽ പ്രവേശനം നേടിയ എം.ടെക് വിദ്യാർത്ഥികൾക്ക് മൂന്നാം സെമസ്റ്ററിലെ നോൺഗേറ്റ് സ്കോളർഷിപ്പ് തുക- അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പദ്ധതി വിഭാഗം**

No. DTETVM/7370/2026-L5 (PLA) തീയതി:25-09-2026

---

വായന:- 1. 10.10.2017 ലെ ഈ കാര്യാലയത്തിലെ L5/39127/16 നമ്പറിലെ മാർഗനിർദ്ദേശകരേഖകൾ.

2. 03.01.2026 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള DTETVM/10342/2024-L5(PLA) നമ്പർ സർക്കുലർ പ്രകാരം സർക്കാർ എൻജിനിയറിങ് കോളേജ് സ്ഥാപനമേധാവികൾ സമർപ്പിച്ച പ്രൊപോസലുകൾ

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിനു കീഴിലുള്ള എല്ലാ സര്ക്കാര് എഞ്ചിനീയറിങ് കോള േജുകളിലെയും ഓരോ സെമസ്റ്ററിലെയും എം.ടെക് വിദ്യാര്ത്ഥികളില് നിന്നും നോണ്ഗേറ്റ് സ്കോളര്ഷിപ്പ് ആനുകൂല്യത്തിനര്ഹതയുള്ള 05 വിദ്യാര്ത്ഥികള്ക്ക് വീതം മെറിറ്റ് അടിസ്ഥാനത്തില് സ്കോളര്ഷിപ്പ് തുക നല്കുന്നതാണെന്ന് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തില് 2024-25 അധ്യയന വര്ഷത്തില് പ്രവേശനം നേടിയ എം.ടെക് വിദ്യാര്ത്ഥികളില് നിന്നും തെരെഞ്ഞെടുക്കപ്പെട്ട 05 വിദ്യാര്ത്ഥികള്ക്ക് മൂന്ന ാം സെമസ്റ്ററിലെ നോണ്ഗേറ്റ് സ്കോളര്ഷിപ്പ് തുക അനുവദിക്കണമെന്ന് സൂചന (2) പ്രകാരം സ്ഥാപനമേധാവികൾ ആവശ്യപ്പെട്ടിരിക്കുന്നു.

ഈ സാഹചര്യത്തില്, സൂചന (2) പ്രകാരം ഫണ്ട് ആവശ്യപ്പെട്ടിട്ടുള്ള സര്ക്കാര് എന്ജിനിയറിങ് കോളേജുകള ിലെ മൂന്നാം സെമസ്റ്ററിലെ 05 എം. ടെക് വിദ്യാര്ത്ഥികള്ക്ക് വീതം പ്രതിമാസം 6000/- രൂപ (ആറായിരം രൂപ ) നിരക്കില് നോണ്ഗേറ്റ് സ്കോളര്ഷിപ്പിന്റെ ആകെ തുകയായ 7,22,000 /-രൂപ (ഏഴ് ലക്ഷത്തി ഇരുപത്തിരണ്ട ായിരം രൂപ മാത്രം) ഈ സാമ്പത്തികവര്ഷം ചുവടെ കൊടുക്കുന്ന രീതിയില് അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| സ്ഥാപനത്തിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം | പ്രതിമാസ തുക | സ്കോളർഷിപ്പ് നൽകുന്ന കാലയളവ് | അനുവദിക്കുന്ന ആകെ തുക |
|---|---|---|---|---|
| CET | 05 | 6000/- | 2025 ഓഗസ്റ്റ് മുതൽ നവംബർ വരെ (04 മാസം ) | 1,20,000/- |
| | | | 2025 ഓഗസ്റ്റ് മുതൽ നവംബർ വരെ | |

| | | | | |
|---|---|---|---|---|
| GEC കോഴിക്കോട് | 05 | 6000/- | (04 മാസം ) | 1,20,000/- |
| RIT കോട്ടയം | 05 | 6000/- | 2025 ഓഗസ്റ്റ് 13 മുതൽ 2025 നവംബർ 19 വരെ (3 മാസം 6 ദിവസം ) | 96,000/- |
| GEC വയനാട് | 05 | 6000/- | 2025 ഓഗസ്റ്റ് 13 മുതൽ 2025 നവംബർ 19 വരെ (3 മാസം 6 ദിവസം ) | 96,000/- |
| GEC കണ്ണൂർ | 05 | 6000/- | 2025 സെപ്റ്റംബർ മുതൽ 2025 ഡിസംബർ വരെ (4 മാസം) | 1,20,000/- |
| GEC ശ്രീകൃഷ്ണപുരം | 05 | 6000/- | 2025 സെപ്റ്റംബർ 1 മുതൽ 2026 ഫെബ്രുവരി 2 വരെ (5 മാസം 2 ദിവസം ) | 1,70,000/- |
| | | | | 7,22,000 രൂപ (ഏഴ് ലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപ മാത്രം) |

സൂചന (2) ൽ പരാമർശിക്കുന്ന പ്രൊപോസലുകൾ പ്രകാരം, തെരെഞ്ഞെടുക്കപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക്, സെമസ്റ്റർ ആരംഭിച്ച തീയതിക്ക് ആനുപാതികമായി ടി സ്കോളർഷിപ്പ് തുക സ്ഥാപനമേധാവികൾ സമയബന്ധിതമായി വിതരണം ചെയ്യേണ്ടതാണ്. വിതരണം ചെയ്യുന്നതിന് മുൻപ് ടി വിദ്യാർത്ഥികൾ ഈ കാലയളവിൽ മറ്റ് യാതൊരു സ്കോളർഷിപ്പും കൈപ്പറ്റുന്നില്ല എന്നും മതിയായ ഹാജർനില ഉണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്. സ്കോളർഷിപ്പ് തുക 7,22,000 രൂപ (ഏഴ് ലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപ മാത്രം) വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയതിനു ശേഷം ടി വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ഈ ഇനത്തിൽ ചെലവാകുന്ന 7,22,000 രൂപ (ഏഴ് ലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപ മാത്രം) തുക **"2203-00-112-41-34OC(3)-OI-Plan-Development of Engineering Colleges"** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

Digitally signed by
Jayaprakash P
Date: 25-09-2026
13:06:43

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്:-

1.ഗവൺമെൻറ് എൻജിനിയറിങ് കോളേജ് സ്ഥാപനമേധാവികൾ
2.അക്കൗണ്ട്സ് ജനറൽ (എ&ഇ) തിരുവനന്തപുരം
3.സീനിയർ ഫിനാൻസ് ഓഫീസർ
4.അസിസ്റ്റൻറ് ഡയറക്ടർ (പ്രൊജക്ട്സ്)
5.കരുതൽ സഞ്ചയം /കാര്യാലയ പകർപ്പ്.